മാധ്യമം

08 January 2024

# സമുദ്ര മത്സ്യമേഖലയിൽ എ.ഐ പോലുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം -നിതി ആയോഗ് വൈസ് ചെയർമാൻ

കൊച്ചി: സമുദ്ര മത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി.

വിവിധ സംസ്ഥാനങ്ങളിലെ സമുദ്ര മത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യാൻ കൊച്ചി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച ഉന്നതതല ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




*തീരദേശ സംസ്ഥാനങ്ങളിലെ സമുദ്ര മത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്ന ദേശീയ ശിൽപശാല കൊച്ചിയിൽ നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ഉദ്ഘാടനം ചെയ്യുന്നു*

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ.കെ. ജെന, നിതി ആയോഗ് ജോയന്റ് സെക്രട്ടറി കെ.എസ്. റെജിമോൻ, നിതി ആയോഗ് സീനിയർ അഡ്വൈസർ ഡോ.നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ. അദീല അബ്ദുല്ല, നിതി ആയോഗ് സീനിയർ കൺസൽട്ടന്റ് ഡോ. ബബിത സിങ്, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.